## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 248** **18.08.2017 ൽ മറുപടിക്ക്**

### റോഡുകൾ സംരക്ഷിച്ച് സുരക്ഷിതയാത്ര സാധ്യമാക്കുന്നതിന് നിയമം

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.സി.എഫ്.തോമസ്**<br>**ശ്രീ.മോൻസ് ജോസഫ്** | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) റോഡുകൾ സംരക്ഷിക്കുന്നതിനും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും നിലവിൽ ഏതെങ്കിലും നിയമങ്ങൾ പ്രാബല്യത്തിലുണ്ടോ;<br><br>ബി) എങ്കിൽ പ്രസ്തുത നിയമത്തിന്റെ നിർവഹണച്ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്; | എ) & ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകളെ സംരക്ഷിക്കുന്നതിനും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനായും സർക്കാർ ഉത്തരവ് (കൈ) നം. 63/16/പൊമവ തീയതി 03.09.2016 പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് ബാധകമാകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും,സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999 ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച സംരക്ഷിച്ചു കൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ എച്ച് ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സി.എഞ്ചിനീയർ (എൻ എച്ച്) നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സി.എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) നേയും 1999 ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് ( സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. കൂടാതെ |

സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനു വേണ്ടി റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ജില്ലാതലത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കൗൺസിലുകളും രൂപീകരിച്ചിട്ടുണ്ട്.

സി) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ റോഡുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിയമം കൂടുതൽ കർശനമാക്കുമോ എന്ന് വെളിപ്പെടുത്താമോ?

സി) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ റോഡുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിയമം കൂടുതൽ കർശനമായി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സി. എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ